LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി

104(1169) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട്. സ.ഉ. (എം.എസ്.) നമ്പർ 52/2016/റവ. തീയതി 27-1-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

ഭൂസമരങ്ങൾ

105(1170) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള ഭൂസമരങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സമരം നടത്തിയവരുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; എന്തെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത്;

(സി) നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; പരിഗണിക്കാൻ കഴിയാതെ പോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീരപ്രദേശങ്ങളിലുള്ളവർക്ക് പട്ടയം

106(1171) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരായ തീരദേശവാസികൾക്ക് എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ് തലത്തിൽ പൂർത്തിയായിവരുന്നു.

(ബി) തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ, ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട കേസുകൾ, തീരദേശ റീസർവ്വേ തീരുമാനം എന്നിവ ലഭിക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കാനാകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി

107(1172) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 24 ഇനം സർട്ടിഫിക്കറ്റുകൾ റവന്യൂ വകുപ്പിൽനിന്ന് ഓൺലൈനായി നൽകിവരുന്നു.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly